*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/1/DGE-HSE/2021** **12/10/2021**

# സർക്കുലർ

**വിഷയം: പ്ലസ്‌വൺ പ്രവേശനം-മാനേജ്മെൻറ് ക്വാട്ട/അൺ എയിഡഡ് ക്വാട്ട /അൺ എയിഡഡ് സ്കൂൾ പ്രവേശന വിവരങ്ങൾ കേന്ദ്രീകൃത രജിസ്ട്രിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഡാറ്റാ എൻട്രി നിർദ്ദേശങ്ങൾ**

സൂചന : 1) സ.ഉ(സാധാ)നം.3667/2021/പൊ.വി.വ തീയതി 12/8/2021 അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്പക്ടസ്

2) 05/10/2021 ലെ **ICT Cell/1771/3/DGE_HSE/2021** നമ്പർ സർക്കുലർ

എയിഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ മാനേജ്മെൻറ് ക്വാട്ടയിലും അൺഎയിഡഡ് ബാച്ചുകളിലും അൺഎയിഡഡ്/ടെക്നിക്കൽ/റെസിഡൻഷ്യൽ സ്കൂളുകളിലെയും ഗൾഫിലും ലക്ഷദ്വീപിലും മാഹിയിലുമുള്ള സ്കൂളുകളിലും പ്ലസ് വൺ പ്രവേശനം സൂചന 1 പ്രോസ്പക്ടസിൽ പ്രതിപാദിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ച് നിർദ്ദിഷ്ഠ ഷെഡ്യൂൾ പ്രകാരം നിർവഹിക്കാൻ എല്ലാ പ്രിൻസിപ്പൽമാരും ശ്രദ്ധിക്കേണ്ടതാണ്. 2021-22 അധ്യയന വർഷം പ്ലസ്‌വൺ പ്രവേശനം തേടിയ എല്ലാ വിദ്യാർത്ഥികളുടേയും വിവരങ്ങൾ കേന്ദ്രീകൃത അഡ്മിഷൻ രജിസ്ട്രിയിൽ സമയബന്ധിതമായി ഉൾപ്പെടുത്തേണ്ടത് അതത് പ്രിൻസിപ്പൽമാരുടെ ഉത്തരാവാദിത്തമാണ്.

**2021-22 അധ്യയന വർഷം ഒന്നാം വർഷ പ്രവേശനത്തിനായി സീറ്റുകളുടെ ആവശ്യകത പ്രാദേശികമായി നിർണ്ണയിക്കുന്നതിനും/പുന:ക്രമീകരിക്കുന്നതിനും സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി വിവിധ ക്വാട്ടകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥി വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആയതിനാൽ 2021 ഒക്ടോബർ 21 വൈകിട്ട് 5 മണി വരെ വരെ സ്കൂൾതലത്തിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളുടെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ പ്രവർത്തനങ്ങൾ 2021 ഒക്ടോബർ 21 വൈകിട്ട് 6 മണിക്കുള്ളിൽ തന്നെ പൂർത്തീകരിക്കാൻ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

മുഖ്യഘട്ട പ്രവേശന വിവരങ്ങൾ സമയബന്ധിതമായി ഡാറ്റാ എൻട്രി ,വെരിഫിക്കേഷൻ എന്നിവ പൂർത്തീകരിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ /ഐ.സി.എസ്.ഇ നിന്നും മാനേജ്മെന്റ്/അൺ-എയ്ഡഡ് ക്വാട്ടകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റ് ,മൈഗ്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയും സ്കീം **"Other"** ആയി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റ് ,മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, തുല്യതാ സർട്ടിഫിക്കറ്റ് എന്നിവയും അപ്‌ലോഡ് ചെയ്യുന്നതിന് നോമിനൽ റോൾ പ്രസിദ്ധീകരിക്കുന്നതിന് മുൻപ് നിർദ്ദേശം നൽകുന്നതാണെന്നും അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ